**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6725** **11-07-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളിലെ തസ്തിക നിർണ്ണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ കഴിഞ്ഞ അധ്യയനവർഷം തസ്തിക നിർണ്ണയം പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; കഴിഞ്ഞ രണ്ടുവർഷക്കാലമായി തസ്തിക നിർണ്ണയം നടക്കാതിരുന്നതിന് കാരണം വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിൽ 2023-24 അധ്യയന വർഷം അധിക തസ്തിക ഒഴിച്ചുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തിക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. കഴിഞ്ഞ രണ്ട് വർഷങ്ങളിലും (2022-23, 2023-24) തസ്തിക നിർണ്ണയം നടന്നിട്ടുണ്ട്. |
| (ബി) | ഓരോ അധ്യയനവർഷവും പഠിക്കുന്ന കുട്ടികളുടെ എണ്ണം അനുസരിച്ച് അധ്യാപകരുടെയും അനധ്യാപകരുടെയും എണ്ണം കണക്കാക്കുന്നതിന് ഉണ്ടായിട്ടുള്ള പ്രധാന തടസ്സം എന്താണെന്ന് വിശദമാക്കാമോ; | (ബി) | ഓരോ അധ്യയനവർഷവും പഠിക്കുന്ന കുട്ടികളുടെ എണ്ണം അനുസരിച്ച് അധ്യാപകരുടെയും അനധ്യാപകരുടെയും എണ്ണം കണക്കാക്കുന്നതിന് തടസ്സം ഉണ്ടായിട്ടില്ല. 2023-24 അധ്യയന വർഷത്തിൽ അധിക തസ്തിക ഒഴിച്ചുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. അധിക തസ്തിക അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. കെ.ഇ.ആർ അദ്ധ്യായം XXIII ചട്ടം 12 - ൽ വരുത്തിയ ഭേദഗതി അനുസരിച്ചുള്ള പരിശോധനാ നടപടികൾ പൂർത്തീകരിക്കേണ്ടതുള്ളതിനാലാണ് അധിക തസ്തികകൾ സമയബന്ധിതമായി അനുവദിക്കാൻ സാധിക്കാതിരുന്നത്. 2024-25 അധ്യയന വർഷത്തിൽ തസ്തിക നിർണ്ണയ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ കണക്ക് അധ്യാപക തസ്തികയിൽ 2023-24 വർഷത്തിലുണ്ടായ ഒഴിവുകളും 2024-25 വർഷത്തിലെ പ്രതീക്ഷിത ഒഴിവുകളും എത്രയെന്ന് വെളിപ്പെടുത്താമോ; ആയത് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | 2023-24 വർഷത്തിൽ തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ കണക്ക് അധ്യാപക തസ്തികയിൽ 17 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ 11 ഒഴിവുകൾ കേരള പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2024-25 വർഷത്തിലെ പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം -8 ആകുന്നു. ഇതിൽ 5 ഒഴിവുകൾ കേരള പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തിരുവനന്തപുരം ജില്ലയിൽ 2023 മുതൽ 2024 മെയ് 31 വരെ എത്ര ഹൈസ്കൂൾ കണക്ക് അധ്യാപകർ റിട്ടയർ ചെയ്തുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ഡി) | 18 . ഇതിൽ നിയമാനുസൃത എണ്ണം ഒഴിവുകൾ കേരള പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ഇ) | ഹൈസ്കൂൾ കണക്ക് അധ്യാപക തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലെ പി.എസ്.സി. സപ്ലിമെന്ററി റാങ്ക് ലിസ്റ്റിലെ പട്ടികജാതി- പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും നികത്തി എന്ന് വ്യക്തമാക്കാമോ; ഇനി എത്ര ഒഴിവുകൾകൂടി ഈ വർഷം റിപ്പോർട്ട് ചെയ്യാൻ കഴിയും എന്നറിയിക്കാമോ? | (ഇ) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ